Madhyamam Daily 18-1-2012

# പി.എസ്. അശ്വതിക്ക് ദേശീയ പുരസ്കാരം

കൊച്ചി: ഇന്ത്യയിലെ വിവിധ എൻജിനീയറിങ് കോളജ് വിദ്യാർഥികൾക്കായി നടത്തിയ പ്രബന്ധാവതരണ മത്സരത്തിൽ കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിങ് മൂന്നാം വർഷ സിവിൽ എൻജിനീയറിങ് വിദ്യാർഥിനി പി.എസ്. അശ്വതി ദേശീയ പുരസ്കാരം നേടി. ആദിത്യ ബിർളാ ഗ്രൂപ്പിൻെറ പുരസ്കാരം നേടുന്ന പ്രഥമ മലയാളിയാണ് അശ്വതി. 75,000 രൂപയും ഫലകവും കമ്പനിയിൽ മാനേജർ ലവലിൽ ജോലിയും അടങ്ങുന്നതാണ് അവാർഡ്. കേരള വാട്ടർ അതോറിറ്റിയിൽ ഉദ്യോഗസ്ഥനായ ആലുവ പടിഞ്ഞാട്ടിൽ പി.സി. സുകുമാരൻെറയും ആലുവ എൽ.ഐ.സി ഉദ്യോഗസ്ഥ അനിതയുടെയും മകളാണ് .